# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 522 — 02.07.2014 ൽ മറുപടിക്ക്

## തീരദേശങ്ങളിലെ ആശുപത്രികളിലെ ചികിത്സാ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>" സി. കെ. നാണു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ തീരപ്രദേശങ്ങളിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആകെ 98 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 29 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) അടിക്കടി സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയും പടരുകയും ചെയ്യുന്ന തീരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ടി ആശുപത്രികളിൽ അത്യാധുനിക ചികിത്സാ സംവിധാനം സജ്ജമാക്കാൻ എന്തെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും അത്യാധുനിക ചികിത്സാ സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ താരതമ്യേന പിന്നോക്കപ്രദേശങ്ങളും, ജനസാന്ദ്രത കൂടിയതും, പ്രകൃതിക്ഷോഭങ്ങൾക്കും പകർച്ചവ്യാധികൾക്കും സാധ്യത കൂടുതലുമുള്ള മേഖലകളാണ് തീരപ്രദേശങ്ങൾ എന്നതുകൊണ്ട്, ഇവിടങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് മുൻഗണന നൽകുന്നുണ്ട്. ടി സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും കൂടുതൽ പരിഗണന നൽകാറുണ്ട്. |
| (സി) എങ്കിൽ അത് സംബന്ധിച്ച വിശാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) തീരപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>1. ഒരു പ്രാഥമികാരോഗ്യകേന്ദ്രം പോലും ഇല്ലാത്ത 24 ഗ്രാമപഞ്ചായത്തുകളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ അനുവദിച്ചു. |

ഇതിൽ ആലപ്പുഴ ജില്ലയിലെ തീരദേശപ്രാഥമികാരോഗ്യകേന്ദ്രമായ പുന്നപ്ര നോർത്ത് ഉൾപ്പെടുന്നു.

2. തിരുവനന്തപുരം ജില്ലയിലെ വലിയതുറ 24x7 പ്രാഥമികാരോഗ്യകേന്ദ്രത്തെ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തി.
3. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഫിഷറീസ് ഡിസ്പെൻസറിയെ 24x7 പ്രാഥമികാരോഗ്യകേന്ദ്രമായും, മലപ്പുറം ജില്ലയിലെ കൂട്ടായി ഫിഷറീസ് ഡിസ്പെൻസറിയെ പ്രാഥമികാരോഗ്യ കേന്ദ്രമായും ഉയർത്തി.
4. കൊല്ലം ജില്ലയിലെ നീണ്ടകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തി.
5. ആലപ്പുഴ ജില്ലയിലെ തുറവൂർ, ചെട്ടികാട് എന്നീ കമ്മ്യൂണിറ്റി സെന്ററുകളെ താലൂക്കാശുപത്രികളായി ഉയർത്തി.
6. എറണാകുളം ജില്ലയിലെ പള്ളുരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തി.
7. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തി.
8. കാസർഗോഡ് ജില്ലയിലെ നീലേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, തൃക്കരിപ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മഞ്ചേശ്വരം ഗവ. ആശുപത്രി എന്നീ സ്ഥാപനങ്ങളെ താലൂക്കാശുപത്രി കളായി ഉയർത്തി.

മേൽപ്പറഞ്ഞ പ്രകാരം പദവി ഉയർത്തിയത് കൂടാതെ, സ്പെഷ്യലിസ്റ്റ് ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത 154 ആശുപത്രികളിൽ 20 ആശുപത്രികൾ, സംസ്ഥാനത്തെ തീരദേശത്തുള്ള ആരോഗ്യ സ്ഥാപനങ്ങളാണ്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

തിരുവനന്തപുരം

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അഞ്ചുതെങ്ങ്
2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പൂവാർ
3. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വിഴിഞ്ഞം
4. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പുത്തൻതോപ്പ്

ആലപ്പുഴ

5. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അമ്പലപ്പുഴ
6. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മുതുകുളം
7. താലൂക്കാശുപത്രി, തുറവൂർ

എറണാകുളം

8. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുമ്പളങ്ങി
9. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മാലിപ്പുറം
10. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വരാപ്പുഴ
11. 24×7 പ്രാഥമികാരോഗ്യകേന്ദ്രം, അയ്യമ്പിള്ളി

തൃശ്ശൂർ

12. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പെരിഞ്ഞനം
13. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വലപ്പാട്

മലപ്പുറം

14. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുവ
15. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താനൂർ
16. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പുറത്തൂർ

കോഴിക്കോട്

17. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, തിരുവങ്ങൂർ
18. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മേലടി

കണ്ണൂർ

19. താലൂക്കാശുപത്രി, [illegible]

കാസർഗോഡ്

20. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മഞ്ചേശ്വരം

സെക്ഷൻ ഓഫീസർ